പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 20

# 2021-ലെ സംസ്ഥാനത്തെ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ ഏകോപിപ്പിക്കുന്നതിനുള്ള അപ്പെക്സ് കൗൺസിൽ രൂപീകരണ ബിൽ

(ശ്രീമതി ഒ. എസ്. അംബിക, എം. എൽ. എ. നോട്ടീസ് നൽകിയത്)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 20

**2021-ലെ സംസ്ഥാനത്തെ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ ഏകോപിപ്പിക്കുന്നതിനുള്ള അപ്പെക്സ് കൗൺസിൽ രൂപീകരണ ബിൽ**

(ശ്രീമതി ഒ. എസ്. അംബിക, എം. എൽ. എ. നോട്ടീസ് നൽകിയത്)





പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 20

**2021-ലെ സംസ്ഥാനത്തെ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ ഏകോപിപ്പിക്കുന്നതിനുള്ള അപ്പെക്സ് കൗൺസിൽ രൂപീകരണ ബിൽ**

(ശ്രീമതി ഒ. എസ്. അംബിക, എം. എൽ. എ. നോട്ടീസ് നൽകിയത്)

കേരള സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന 14 ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെ ഏകോപനത്തിനുള്ള അപ്പെക്സ് കൗൺസിൽ രൂപീകരണത്തിനും അതിലൂടെ ടൂറിസം വികസനത്തിനും വേണ്ടിയുള്ള

ഒരു

ബിൽ

പീഠിക.—സംസ്ഥാനത്തെ 14 ജില്ലകളിലും പ്രവർത്തിക്കുന്നുവെങ്കിലും സംസ്ഥാനതലത്തിൽ ഏകോപനവും, പരസ്പരം കൂട്ടിയിണക്കപ്പെട്ട പദ്ധതികളും ഇല്ലാത്തതിനാൽ സംസ്ഥാനത്തെ സാധ്യതകൾക്കനുസരിച്ച് ടൂറിസം മേഖലയിൽ മുന്നേറാൻ പല ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾക്കും കഴിയാത്ത സാഹചര്യം നിലവിലുള്ളതിനാൽ, ഇത് പരിഹരിക്കുന്നതിനായി ഒരു നിയമം ഉണ്ടാക്കേണ്ടതിന്റെ ആവശ്യം യുക്തമായിരിക്കുകയാൽ;

ഭാരതത്തിന്റെ എഴുപത്തിരണ്ടാം സംവത്സരത്തിൽ താഴെപ്പറയുന്ന പ്രകാരം ഒരു നിയമം ഉണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും ആരംഭവും വ്യാപ്തിയും.—(1) ഈ ആക്ടിന് 2021-ലെ സംസ്ഥാനത്തെ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ ഏകോപിപ്പിക്കുന്നതിനുള്ള അപ്പെക്സ് കൗൺസിൽ രൂപീകരണ ആക്ട് എന്ന് പേര് പറയാം;

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്;

(3) ഇത് സർക്കാർ ഗസറ്റ് വിജ്ഞാപനംവഴി നിശ്ചയിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്ടിന് സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,— (1) 'കൗൺസിൽ' എന്നാൽ ഈ ആക്ട് അനുസരിച്ച് ഗസറ്റ് വിജ്ഞാപനംവഴി പ്രസിദ്ധീകരിച്ച ഒരു കൗൺസിൽ ആകുന്നു;

(2) 'ചെയർമാൻ' എന്നാൽ കൗൺസിലിന്റെ ചെയർമാൻ എന്നാകുന്നു;

(3) 'വിജ്ഞാപനം' എന്നാൽ ഈ ആക്ട് അനുസരിച്ച് ഗസറ്റിൽ പ്രസിദ്ധീകരിക്കപ്പെട്ട ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നു;

(4) 'സർക്കാർ' എന്നാൽ കേരള സർക്കാർ എന്നർത്ഥമാക്കുന്നു;

(5) 'ചട്ടങ്ങൾ' എന്നാൽ ഈ ആക്ട് അനുസരിച്ച് ഗവൺമെന്റ് രൂപീകരിക്കുന്ന ചട്ടങ്ങൾ എന്നർത്ഥമാകുന്നു;

(6) 'ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ' എന്നാൽ സംസ്ഥാനത്തെ വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്ന ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ എന്നർത്ഥമാകുന്നു;

(7) 'വകുപ്പ്' എന്നാൽ ഈ ആക്ടിന്റെ ഒരു വകുപ്പ് എന്നർത്ഥമാകുന്നു;

(8) 'ജില്ല' എന്നാൽ കേരളത്തിലെ എല്ലാ റവന്യൂ ജില്ലകൾ എന്നർത്ഥമാകുന്നു.

3. ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെ ഏകോപനത്തിനായി അപ്പെക്സ് കൗൺസിൽ രൂപീകരണം.—(1)സർക്കാർ വിജ്ഞാപനംവഴി ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെ ഏകോപനത്തിനായി ഒരു കൗൺസിൽ രൂപീകരിക്കേണ്ടതാണ്;

(2) കൗൺസിലിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്,—

(എ) ചെയർമാൻ-ടൂറിസം മന്ത്രി;

(ബി) പ്രധാന വിനോദസഞ്ചാരകേന്ദ്രങ്ങളുള്ള ജില്ലകളിലെ നിർദ്ദേശിക്കപ്പെട്ട എം.എൽ.എ. മാർ;

(സി) ടൂറിസം വകുപ്പ് സെക്രട്ടറി;

(ഡി) ടൂറിസം ഡയറക്ടർ;

(ഇ) കളക്ടർമാർ, DTPC കളുടെ സെക്രട്ടറിമാർ;

(എഫ്) തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികളിൽ നിന്നും നിർദ്ദേശിക്കപ്പെട്ടവർ;

(ജി) ടൂറിസം മേഖലയിലെ രണ്ടു വിദഗ്ദ്ധർ;

(എച്ച്) DTPC ജീവനക്കാരുടെ രണ്ട് പ്രതിനിധികൾ.

4. കൗൺസിൽ ജീവനക്കാരുടെ നിയമനം.—തിരുവനന്തപുരം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിൽ പ്രവർത്തനകേന്ദ്രമായി തെരഞ്ഞെടുത്താൽ ജീവനക്കാരുടെ സേവനം അവിടെ നിന്നും കണ്ടെത്താവുന്നതാണ്.



5. കൗൺസിലിന്റെ അധികാരങ്ങൾ.—(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളെ ഏകോപിപ്പിക്കുക;

(ബി) ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക;

(സി) സ്വകാര്യ സംരംഭകരുടെയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ ടൂറിസം സാധ്യതകൾ ഉപയോഗിക്കുക;

(ഡി) തദ്ദേശ ടൂറിസം;

(ഇ) ഉത്തരവാദിത്ത ടൂറിസം;

(എഫ്) ഹോം സ്റ്റേ;

(ജി) പ്രകൃതിരമണീയമായ സ്ഥലങ്ങൾ കണ്ടെത്തി ടൂറിസം കേന്ദ്രങ്ങൾ സ്ഥാപിക്കുക;

(എച്ച്) പ്രകൃതി സൗഹൃദമായ ടൂറിസം സംസ്കാരം വളർത്തുക;

(ഐ) ദേശീയ, സംസ്ഥാന പാതയോരങ്ങളിലെ പ്രകൃതി സൗന്ദര്യ സ്ഥലങ്ങളിൽ വിശ്രമകേന്ദങ്ങൾ ഒരുക്കി യാത്രക്കാർക്ക് അടിസ്ഥാന, പ്രാഥമിക സൗകര്യങ്ങൾ ഒരുക്കുക.

6. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) സർക്കാരിന് ഗസറ്റ് വിജ്ഞാപനംവഴി ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്;

(2) ഈ നിയമപ്രകാരമുണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയതിനു ശേഷം കഴിയുന്നത്ര വേഗം നിയമസഭ സമ്മേളനത്തിൽ ആയിരിക്കുമ്പോൾ അതിന് മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള സമ്മേളനങ്ങളിലോ പെടാവുന്ന ആകെ 14 ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏതു സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്ത് വരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുൻപ് നിയമസഭ ചട്ടം ഏതെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിനെ അതിനുശേഷം അതത് സംഗതിപോലെ അങ്ങനെ രൂപപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടാക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു. എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗംവരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

7. മറ്റു നിയമങ്ങളിന്മേലുള്ള അതിപ്രഭാവം.—ഈ ആക്ടിലെയും അതിന്മേലെടുത്തിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ അതിന് വിരുദ്ധമായി എന്തുതന്നെ ആയിരുന്നാലും പ്രാബല്യമുണ്ടായിരിക്കുന്നതാണ്. സർക്കാരിന് പ്രസ്തുത ആക്ട് നടപ്പാക്കുന്നതിനുള്ള ഉറപ്പുവരുത്തുന്നതിലേക്കായി നിർണ്ണയിക്കപ്പെടാവുന്ന സമ്പ്രദായത്തിലും രീതിയിലും കാലാനുസൃതമായ മാറ്റം വ്യവസ്ഥ ചെയ്യാവുന്നതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സംസ്ഥാനത്തെ ദേശീയ ടൂറിസം വികസനത്തിനായി 1988-ൽ രൂപീകരിച്ച ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ ഇപ്പോഴും ശൈശവ ദിശയിലാണ്. ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ കാലോചിതമായി പരിഷ്കരിക്കപ്പെടേണ്ടതുണ്ട്. പല ജില്ലകളിലെയും സേവനവേതന വ്യവസ്ഥകൾ നിലവിൽ വ്യത്യസ്തമാണ്. ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും ഏകോപനം ഇല്ല. പ്രോജക്ടുകൾക്ക് കേന്ദ്ര സംസ്ഥാന ഫണ്ട് ലഭിക്കുന്നുണ്ടെങ്കിലും സാധ്യതയ്ക്കനുസരിച്ച് ഉപയോഗിക്കുന്നില്ല.

## ധനകാര്യമെമ്മോറാണ്ടം

നിലവിലുള്ള സംവിധാനങ്ങളെ ഏകോപിപ്പിച്ച് കേന്ദ്ര-സംസ്ഥാന ടൂറിസം ഫണ്ടുകളുടെ ഉപയോഗത്തോടെ അപ്പെക്സ് കൗൺസിൽ പ്രവർത്തിപ്പിക്കാവുന്നതാണ്.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണം സംബന്ധിച്ച മെമ്മോറാണ്ടം

ഗസറ്റ് വിജ്ഞാപനംവഴി ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്. ഈ ആക്ട് അനുസരിച്ച് ഉണ്ടാക്കുന്ന ചട്ടങ്ങൾ സഭയുടെ മേശപ്പുറത്ത് വയ്ക്കാനും സഭയ്ക്ക് അത് ഭേദഗതി ചെയ്യുവാനും അംഗീകരിക്കുവാനുമുള്ള അധികാരം ഉണ്ട്. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം നൽകിയിട്ടുള്ളത് നടപടിക്രമങ്ങളെ സംബന്ധിക്കുന്നതോ ദൈനംദിന ഭരണകാര്യങ്ങളെ സംബന്ധിക്കുന്നതോ ആയ കാര്യങ്ങൾക്കാണ്. ആയതിനാൽ ഏൽപ്പിച്ചു കൊടുക്കപ്പെട്ട നിയമനിർമ്മാണാധികാരം സംബന്ധിച്ച് നൽകിയിട്ടുള്ള അധികാരം സാധാരണ സ്വഭാവത്തിലാണ്.

ഒ. എസ്. അംബിക എം. എൽ. എ.